**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2845** **22-01-2021 - ൽ മറുപടിയ്ക്ക്**

**മിനറൽ വാട്ടർ - ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . ഉമ്മർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാപകമായി മിനറൽ വാട്ടർ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ സർക്കാർ അംഗീകാരത്തോടെയാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന എല്ലാ മിനറൽ വാട്ടർ ബ്രാൻഡുകളും 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള ലൈസൻസോട് കൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് പരിശോധനകളിലൂടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) | ഇത്തരം ഉല്പ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ; | (ബി) | ഇത്തരം ഉൽപന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനിലിറ്റിക്കൽ ലാബുകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളിലും സംവിധാനങ്ങൾ നിലവിലുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നിനായി pH Meter, Turbidity Meter, Inductively Coupled Plasma Optical Emission Spectrometry (ICP-OES -ലോഹങ്ങളുടെ സാന്നിദ്ധ്യവും അളവും), Gas Chromatograph coupled with Mass Spectrophotometer(GCMS MS- കീടനാശിനികളുടെ സാന്നിദ്ധ്യവും അളവും), Atomic Absorption Spectrophotometer (AAS ലോഹങ്ങളുടെ സാന്നിദ്ധ്യവും അളവും) എന്നീ സംവിധാനങ്ങളും ലാബുകളിൽ നിലവിലുണ്ട് കൂടാതെ ഈ 3 അനലിറ്റിക്കൽ ലാബുകളുമായി ചേർന്ന് പ്രവർത്തിക്കുന്ന 8 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ കുടിവെള്ളം, ജ്യൂസുകൾ, ഡ്രിംഗ്സുകൾ, ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ പ്രാഥമികപരിശാധനകൾ നടന്നുതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നു. കോട്ടയം പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലുള്ള കുടിവെള്ള സാമ്പിളുകളിലെ |

| | | | |
|---|---|---|---|
| | | | കെമിക്കൽ. ബാക്ടീരിയോളജിക്കൽ പരിശോധനകൾ ടി ലാബിൽ നടത്തി വരുന്നു |
| (സി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മിനറൽവാട്ടറിൽ മാലിന്യങ്ങളുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2019- 2020 കാലയളവിൽ സംസ്ഥാനത്ത് വിതരണം ചെയ്തിരുന്ന കുപ്പിവെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ 21 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം 14 ബ്രാൻഡുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും 6 ബ്രാൻഡുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ഒരു ബ്രാൻഡിനെതിരെ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വന്നു. |
| (ഡി) | സർക്കാർ തലത്തിൽ മിനറൽ വാട്ടർ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെഐഐഡിസി മുഖേന ഹില്ലി അക്വാ എന്ന പേരിൽ കുപ്പിവെള്ളം 2015 മുതൽ തന്നെ തൊടുപുഴയിൽ ഉത്പാദനം നടത്തി വിതരണം ചെയ്ത് വരുന്നുണ്ട്", കെഐഐഡിസിയുടെ രണ്ടാമതൊരു കുപ്പിവെള്ള പ്ലാന്റ് തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിൽ 16.01.2021 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ